LIBRARY ARCHIVES Kerala Legislative Assembly

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ) :

(എ) ഇല്ല.
(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTIONS AND ANSWERS

പൂട്ടിയിട്ട വ്യവസായശാലകൾ

17. [85] ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂട്ടിയിട്ട വ്യവസായശാലകളുടെ മാനേജ്മെന്റ് ഗവണ്മെന്റ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ നയമെന്തെന്നു വിശദീകരിക്കുമോ?

ഉത്തരം

(എ, ബി) ഇതിനെപ്പററി യാതൊരു പൊതുതീരുമാനവും എടുത്തിട്ടില്ല.

திருவனந்தபுரம் கார்ப்பரேஷன்

18. [123] ஸ்ரீ. என். கணபதி : கீழ் காணும் வினாக்களுக்கு மராமத்து மந்திரி அவர்கள் விடை பகர்வார்களாக :

(எ) திருவனந்தபுரம் நகர கார்ப்பரேஷனில் தமிழ் தெரிந்த அலுவலராக ஒரே ஒரு அப்பர் டிவிஷன் குமஸ்தா மட்டுமே இருப்பதால் கூடுதல் தமிழ் தெரிந்தவர்களையோ தகுதியுள்ளவர்களையோ நியமிக்கச் செய்யத் தயவுண்டாகுமா ;

(பி) மேற்படி கார்ப்பரேஷனில் தமிழையும் அங்கீகரித்திருப்பதால் கவுன்ஸில் கூட்டங்களில் அங்கத்தினர்கள் தமிழில் பேசும்போது சுருக்கெழுத்தில் எழுத சுருக்கெழுத்தாளர் ஒருவரை நியமிக்கச் செய்ய அவசியமான நடவடிக்கைகள் எடுக்கலாமா?

Answer

This is a matter to be considered by the Trivandrum Corporation Council. Proposal for appointment of staff for this purpose has not been received from the Trivandrum Corporation.

ഗവണ്മെന്റ് പ്രിന്റിംഗ് പ്രസ്സ് ഷൊർണ്ണൂർ

19. [114] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ ഗവണ്മെന്റ് പ്രിന്റിംഗ് പ്രസ്സിൽ പാലക്കാട്ട ജില്ലയിൽനിന്നും പ്രത്യേകിച്ച് ഒററപ്പാലം താലൂക്കിൽനിന്ന് അപ്രന്റിസ് കോഴ്സിന് വരുന്നവർക്ക് പ്രവേശനം നിഷേധിക്കപ്പെടുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന് പ്രത്യേക വല്ല കാരണവും ഉണ്ടോ;

(സി) തിരുവനന്തപുരത്തും എറണാകുളത്തും അപ്രന്റിസ് കോഴ്സിന് ആളുകളെ എടുത്ത അവസരത്തിൽ ഷൊർണ്ണൂരിൽ മാത്രം എടുക്കാതിരിക്കുവാൻ കാരണമെന്ത്?

ഉത്തരം

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല
(സി) ഷൊർണ്ണൂരിലും സൗകര്യാനുസരണം അപ്രന്റിസ് കോഴ്സിനു് ആളുകളെ എടുക്കുന്നുണ്ടു്.

ADJOURNMENT MOTIONS

i Lathi charge on Youth Congress Workers before the Collectorate, Calicut.

ii Clash between two Sections of agricultural labourers in Karuvatta.

മി. സ്പീക്കർ: ഇന്നലെ ഇവിടെ നോട്ടീസ് തന്നിരുന്ന രണ്ടു അടിയന്തിരപ്രമേയങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയാനുണ്ടു്. അതിനുമുൻപു് എനിക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു് ഒരു കാര്യം പറയാനുണ്ടു്. ഇന്നു രാവിലെ നമ്മുടെ ബഹുമാനപ്പെട്ട സഭാംഗങ്ങൾ എം. എൽ. എ. ക്വാർട്ടേഴ്സിൽ നിന്നും ബസ്സിൽ കയറി ഇവിടെ വരുന്നതിനുവേണ്ടി പാളയം ജംഗ്ഷനിൽ എത്തിയപ്പോൾ രണ്ടു വണ്ടികൾ തടഞ്ഞു നിറുത്തുകയും തൻമൂലം ബഹുമാനപ്പെട്ട മെമ്പർമാർക്കു് കൃത്യസമയത്തു് സഭയിൽ ഹാജരാകുവാൻ സാധിക്കാത്ത നില ഉണ്ടാകുകയും ചെയ്തിട്ടുണ്ടു്. ചില മന്ത്രിമാർക്കും ഈ അനുഭവം ഉണ്ടായിട്ടുണ്ടു്. സാധാരണഗതിയിൽ സമരങ്ങൾ ഉള്ളപ്പോൾ ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ നടന്നേക്കാം. ബഹുമാനപ്പെട്ട മെമ്പർമാർക്കു് ഇവിടെ വരുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതു് ആവശ്യമായതുകൊണ്ടു് ഇക്കാര്യത്തിൽ കുറച്ചുകൂടുതൽ ശ്രദ്ധചെലുത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ പോലീസുകാർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊടുക്കുമെന്നു ഞാൻ വിശ്വസിക്കുകയാണു്.

കോഴിക്കോട്ടു് കളക്ടറേറ്റിനു മുൻപാകെ സത്യാഗ്രഹം ചെയ്ത യൂത്തു് കാൺഗ്രസ് പ്രവർത്തകന്മാരുടെമേൽ ലാത്തിചാർജ്ജു നടത്തിയതു സംബന്ധിച്ചും കരുവാറ്റായിൽ രണ്ടു സംഘം കർഷകത്തൊഴിലാളികൾ തമ്മിൽ നടന്ന സംഘട്ടനത്തെ സംബന്ധിച്ചും ഉള്ള അടിയന്തിരപ്രമേയങ്ങളെ സംബന്ധിച്ചു് ഇവിടെ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടു്. മുതുകുളം എന്ന സ്ഥലത്തു നടന്ന സംഭവങ്ങളെക്കുറിച്ചു് ഇന്നും ഒരു അടിയന്തിരപ്രമേയം ഉണ്ടു്.

മുഖ്യമന്ത്രി ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു്:

സർ, കോഴിക്കോട്ടു നടന്ന സംഭവത്തിന്മേൽ ആവശ്യമായിട്ടുള്ള നടപടി എടുക്കാം. ഇത്തരം സംഭവം ഇതിനുമുമ്പും ഒന്നുരണ്ടുതവണ ഉണ്ടായിട്ടുണ്ടു്. അതിനു വേണ്ട നടപടി എടുത്തു. ഇന്നും ഇത്തരത്തിലുള്ള സംഭവം നടന്നതിൽ ഞാൻ ഖേദിക്കുന്നു. വേണ്ട നടപടി എടുക്കാം.

അടിയന്തിരപ്രമേയത്തെ സംബന്ധിച്ചിടത്തോളം ഇന്നലെ ഇവിടെ ഉന്നയിക്കപ്പെട്ട കരുവാറ്റ സംഭവവും ഇന്നു് ഇവിടെ പറഞ്ഞ മുതുകുളം സംഭവവും ഇന്നലെയും ഒന്നുരണ്ടു ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പറഞ്ഞതായിട്ടു് റിക്കാർഡുകളിൽ കാണുന്നുണ്ടു്. ഈ രണ്ടു സംഭവങ്ങളും തമ്മിൽ ബന്ധപ്പെട്ടാണു് കിടക്കുന്നതു്. എനിക്കു കിട്ടിയിട്ടുള്ള റിപ്പോർട്ടുകളനുസരിച്ചു് കുട്ടനാടുമായി ബന്ധപ്പെട്ടു കിടക്കുന്ന ആ പ്രദേശങ്ങളിൽ ഭൂഉടമയും കർഷകത്തൊഴിലാളികളും തമ്മിലുള്ള ബന്ധം സംബന്ധിച്ചു് ഒരു സംഘർഷാവസ്ഥ കുറച്ചുദിവസമായിട്ടു് വളർന്നു വരികയായിരുന്നു. പോലീസ് ഐ. ജി. യിൽനിന്നും കിട്ടിയ റിപ്പോർട്ടുപ്രകാരം ഇതു വെറും ലാ ആൻഡു്, ആർഡർ കാര്യമായി മാത്രം കണക്കാക്കാൻ പാടില്ല ഇതൊരു തൊഴിൽ പ്രശ്നം കൂടിയാണു്. അതുകൊണ്ടു് ഈ പ്രശ്നം പരിഹരിക്കുന്നതിനു് പോലീസ് ആവശ്യമായ നടപടിയെടുക്കുന്നതിനോടൊപ്പംതന്നെ തൊഴിൽവകുപ്പു് മുഖേന ഈ പ്രശ്നം പരിഹരിക്കുന്നതിനു് ആവശ്യമായിട്ടുള്ള നടപടി എടുക്കണമെന്നുകൂടി

LIBRARY ARCHIVES Kerala Legislative Assembly